LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1. ആങ്ങാവിള-ആനയിൽ-കോടമ്പള്ളി-നിലയ്ക്കാമുക്ക്-മാർക്കറ്റ്,

2. മരക്കട-പന്ത് വിള-ശാസ്താംനട

3. പെരുന്തമൺ-കടമുക്ക്-കുന്നുപുരം പുളിമാത്ത് എന്നീ മൂന്ന് റോഡുകൾ പി.എം.ജി.എസ്.വൈ.-യിൽ രണ്ടിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതി

5 (1476) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി. എം.ജി.എസ്.വൈ. പദ്ധതിയിൽ എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ ഇനത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശികയിൽ എത്ര നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടും ബിൽ തുക കുടിശ്ശിക വരാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പ്രകാരം ലഭിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എം.ജി.എസ്.വൈ. പ്രകാരം പൂർത്തിയാക്കിയതും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ കുടിശ്ശികയായ 105 കോടി രൂപ നൽകുവാനുണ്ട്.

(സി) പി.എം.ജി. എസ്.വൈ. പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിക്ക് ആവശ്യമായ തുക കേന്ദ്രസർക്കാരിൽ നിന്നും അനുവദിക്കാത്തതാണ് ബിൽ തുക കുടിശ്ശിക വരാനുള്ളകാരണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.